പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>തൊഴിലുറപ്പ് പദ്ധതിക്ക് സോഷ്യൽ ഓഡിറ്റിംഗ്</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2962

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, ഷാഫി പറമ്പിൽ<br>,, പി.സി. വിഷ്ണുനാഥ്<br>,, കെ. അച്ചുതൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 17(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് വർഷത്തിൽ രണ്ട് തവണ സോഷ്യൽ ഓഡിറ്റിംഗ് നടന്നുവരുന്നു. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | പദ്ധതി പ്രവർത്തനത്തിന്റെ ഗുണനിലവാരം, സമയബന്ധിതമായ നിർവ്വഹണം, ഗുണഭോക്തൃ പ്രദേശം/ ഗുണഭോക്താക്കളുടെ നീതിയുക്തമായ തെരഞ്ഞെടുപ്പ്, പദ്ധതിയിലെ ധനവിനിയോഗം, ഫലപ്രാപ്തി, തൊഴിലെടുക്കുന്നവരുടെ അവകാശവും വേതനവും അനുബന്ധ സൗകര്യങ്ങളും തുടങ്ങിയ ഘടകങ്ങളെ പറ്റി വിലയിരുത്താൻ പൊതുസമൂഹത്തിനും തൊഴിലവകാശികൾക്കും അവസരം നൽകുകയാണ് സോഷ്യൽ ഓഡിറ്റിംഗിന്റെ ലക്ഷ്യം. പൊതുസംവിധാനത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്വം ഉറപ്പാക്കാനും പാർശ്വവത്കരിക്കപ്പെട്ട ജനങ്ങളുടെ ശാക്തീകരണത്തിനും ഈ പ്രക്രിയ സഹായിക്കുന്നു. |
| (സി) | തൊഴിലുറപ്പ് പദ്ധതിയുടെ നിലവാരം സ്വതന്ത്രമായും നിരന്തരമായും വിലയിരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഓഡിറ്റിംഗിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | സോഷ്യൽ ഓഡിറ്റിംഗിൽ ചുവടെ പറയുന്ന ഘടകങ്ങൾ വിലയിരുത്തലിനും പരിശോധനയ്ക്കും വിധേയമാക്കുന്നു.<br><br>1. ദേശീയ തൊഴിലുറപ്പ് നിയമത്തെപ്പറ്റി അവബോധം സൃഷ്ടിക്കൽ. (ഐ.ഇ.സി) പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | 2. പരിശീലനങ്ങൾ<br>3. രജിസ്ട്രേഷൻ<br>4. തൊഴിൽകാർഡ് വിതരണം<br>5. തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കൽ<br>6. ഷെൽഫ് ഓഫ് പ്രോജക്ടും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കൽ<br>7. എസ്റ്റിമേറ്റ് തയ്യാറാക്കൽ<br>8. സാങ്കേതികാനുമതി<br>9. വർക്ക് ഓർഡർ നൽകൽ<br>10. തൊഴിൽ നൽകൽ<br>11. നിർവ്വഹണ മേൽനോട്ടം<br>12. പണിസ്ഥലത്തെ അനുബന്ധ സൗകര്യങ്ങൾ<br>13. മസ്റ്റർറോൾ എഴുതി സൂക്ഷിക്കൽ<br>14. അളവുകൾ രേഖപ്പെടുത്തൽ അവ പരിശോധിക്കലും<br>15. കൂലി വിതരണം<br>16. ചെലവിന്റെ കണക്കുകൾ സൂക്ഷിക്കുന്നത്.<br>17. പ്രവൃത്തിയുടെ മൂല്യനിർണ്ണയം<br>18. നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളുടെ ആസൂത്രണം<br>19. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഭൂവികസന പരിപാടികൾ ആസൂത്രണം ചെയ്യുന്നത് |
| (ഡി) | എന്നു മുതൽ ഓഡിറ്റിംഗ് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 31.10.2007 ലെ സ.ഉ (സാധ) നം.2952/07/തസ്വഭവ പ്രകാരം, 2007 മുതൽ തന്നെ സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റിംഗ് നടന്നു വരുന്നു. കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2011-ലെ മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരണ്ടി ഓഡിറ്റ് ഓഫ് സ്കീംസ് റൂൾസ് പ്രകാരം, സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട ഓരോ ഗ്രാമപഞ്ചായത്ത് വാർഡുകളിൽ വീതം പൈലറ്റ് അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തുകയും അതിലെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു സ്വതന്ത്ര സംവിധാനത്തിന് കീഴിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ